പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1578 | 11.08.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. രക്ഷാ പാക്കേജ്

ചോദ്യം | ഉത്തരം

ശ്രീ. പി.കെ. ശശി | ശ്രീ. തോമസ് ചാണ്ടി (ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2017-18 വർഷം കെ.എസ്.ആർ. ടി.സി.യുടെ പുനരുദ്ധാരണ വർഷമായി ഈ സർക്കാർ പ്രഖ്യാപിക്കുകയും അതിനായി 3000 കോടി രൂപയുടെ രക്ഷാ പാക്കേജ് പ്രഖ്യാപിച്ചതിന്റെയും ഭാഗമായി എന്തെല്ലാം പ്രവൃത്തികൾ നാളിതുവരെ നടത്തി എന്നും തുടർപ്രവൃത്തികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.ക്ക് 900 ബസുകൾ വാങ്ങുന്നതിനുള്ള ഫണ്ട് കിഫ്ബിയിൽ നിന്നും അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | കെ.എസ്.ആർ.ടി.സി.യ്ക്ക് 1000 സി.എൻ.ജി. ബസ്സുകൾ 300 കോടി രൂപ മുതൽ മുടക്കി വാങ്ങാനുള്ള സർക്കാർ ഉത്തരവ് സ.ഉ.(സാധാ)നം. 72/2017/ഗതാഗതം, തീയതി 20-02-2017 ന്റെ തുടർ പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സി പരിസ്ഥിതി സൗഹൃദ ഇന്ധനമായ കംപ്രസ്സ്ഡ് നാച്വറൽ ഗ്യാസി (CNG)ലേക്ക് മാറുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ റോഡുകളിൽ ഇത്തരം ബസ്സുകളുടെ ഉപയോഗക്ഷമത നിരീക്ഷിക്കുന്നതിനായി ഒരു സി.എൻ.ജി ബസ്സ് വാങ്ങിയിട്ടുണ്ട്. നിലവിൽ സി.എൻ.ജി. ഇന്ധനം കൊച്ചിയിൽ ലഭ്യമാണ്. എന്നാൽ ഇവ വാഹനങ്ങളിൽ നിറയ്ക്കുന്നതിന് ആവശ്യമായ Dispensing Unit-കൾ നിലവിൽ കേരളത്തിൽ സ്ഥാപിതമായിട്ടില്ല. കൊച്ചി നഗരത്തിൽ സി.എൻ.ജി. ഇന്ധനം വിതര |

| | | | |
|---|---|---|---|
| | | | ണം നടത്തുന്നതിന് വിതരണാവകാശം ലഭിച്ച ഐ.ഒ.സി.യുമായി നിരവധി തവണ ചർച്ച കൾ നടത്തുകയും കെ.എസ്.ആർ.ടി.സി. യുടെ ആനയറയിലും ആലുവ റീജിയണൽ വർക്ക് ഷോപ്പിലും തേവരയിലും, സി.എൻ.ജി. Dispensing Unit-കൾ സ്ഥാപിച്ച് ഇന്ധനം വിതരണം നടത്തുന്നതിനുള്ള പ്രാരംഭ നടപടി കൾ നടന്നു വരികയാണ്. സി.എൻ.ജി ഇന്ധനവും ബസും ലഭ്യമാകാൻ കാലതാമസം ഉണ്ടാകാനിടയുള്ളതിനാൽ 900 ഡീസൽ ബസുകൾ വാങ്ങുന്നതിനുള്ള തുക കിഫ്ബി യിൽ നിന്നും അനുവദിക്കുന്നത് സർക്കാർ പരിശോധിച്ചു വരികയാണ്. |
| (സി) | ഇതിന്റെ ഭാഗമായി ദീർഘദൂര സർവ്വീസുകളിലെ ഡ്യൂട്ടി സമ്പ്രദാ യം പരിഷ്കരിക്കുന്നത് സംബന്ധി ച്ച് നാളിതുവരെ കെ.എസ്.ആർ. ടി.സി.യിൽ നടപ്പാക്കിയ തുടർ പ്രവർത്തികൾ എന്തെല്ലാം; | (സി) | 6 ½ മണിക്കൂർ steering hours-ന് ഒരു ഡ്യൂട്ടി എന്ന ക്രമത്തിൽ നിബന്ധനകൾക്ക് വിധേയ മായിട്ടാണ് ഏകീകരിച്ചിട്ടുള്ളത്. ദീർഘദൂര ബസുകളിൽ ഡ്രൈവർ കം കണ്ടക്ടർ ക്രൂ ചെയ്ഞ്ച് നടപ്പിലാക്കിയിട്ടുണ്ട്. |
| (ഡി) | നഷ്ടത്തിലോടുന്ന സർവ്വീസുകൾ നിർത്തലാക്കാതെ ഫലപ്രദമായി റൂട്ടുകൾ ക്രമീകരിക്കുന്ന പദ്ധതി യുടെ പ്രവർത്തന പുരോഗതി എന്തെന്ന് വ്യക്തമാക്കുമോ; | (ഡി) | നഷ്ടത്തിലോടുന്ന സർവ്വീസുകൾ പുന:ക്രമീ കരിച്ച് ലാഭകരമാക്കുന്ന പ്രവർത്തനം നടന്നു വരുന്നതിനാൽ പുരോഗതിയെ സംബന്ധി ച്ചുള്ള സ്ഥിതി വ്യക്തമാക്കുവാൻ സാധിക്കുക യില്ല. |
| (ഇ) | കെ.എസ്.ആർ.ടി.സി. ബസ്സുകളു ടെ മെയിന്റനൻസ് പകൽ സമയം നടത്തുന്നതൊഴിവാക്കി രാത്രികാ ലങ്ങളിലാക്കുക, ഓഫ്-റോഡ് നിരക്കിൽ കുറവുണ്ടാക്കുക, ഡ്യൂട്ടി | (ഇ) | പകൽ സമയങ്ങളിൽ ബസ്സുകൾ റിപ്പയറിം ഗിനും മെയിന്റനൻസിനുമായി നിരത്തിൽ നിന്നും പിൻവലിക്കുന്നത് മൂലം കോർപ്പ റേഷന് നഷ്ടം സംഭവിച്ചു വരുന്നതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ എല്ലാത്തരം റിപ്പയറുകളും, മെയിന്റനൻസുകളും ബസുകൾ ഗാരേജിൽ സർവീസ് കഴിഞ്ഞു വരുന്ന |

| | | | |
|---|---|---|---|
| | സമയം പാഴാക്കാതെ ജീവനക്കാർക്ക് ബസ്സുകൾ ലഭ്യമാക്കുക, ഇന്ധനക്ഷമത വർദ്ധിപ്പിക്കുക, സി.എൻ.ജി.യിലേക്കു മാറുക എന്നീ പ്രവർത്തനങ്ങളുടെ 20.02.2017 ന ശേഷമുള്ള പുരോഗതി എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | | സമയം നടത്തുവാൻ തീരുമാനിക്കുകയും ആയത് നടപ്പിലാക്കുകയും ചെയ്തു. കൂടാതെ മെക്കാനിക്കൽ ജീവനക്കാരുടെ സമയക്രമം പുന:ക്രമീകരിച്ചതിലൂടെ ഓഫ്-റോഡ് നിരക്ക്, ബ്രേക്ക് ഡൗൺ നിരക്ക് എന്നിവയിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ട്. ഇത് മൂലം സർവീസ് ഓപ്പറേഷൻ കാര്യക്ഷമമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. മെക്കാനിക്കൽ വിഭാഗത്തിൽ വർക്ക് നോംസ് പരിഷ്കരിച്ച് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും, മനുഷ്യപ്രയത്നം കുറയ്ക്കുന്നതിനും ഉള്ള നടപടികളുടെ ഭാഗമായി ഇതു സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരളാ പ്രൊഡക്ടീവിറ്റി കൗൺസലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മെക്കാനിക്കൽ ജീവനക്കാരുടെ അധ്വാനഭാരം കുറയ്ക്കുന്നതിനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ആധുനിക ഉപകരണങ്ങൾ വാങ്ങി നല്കുന്നതിനുള്ള ദർഘാസ് നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അഞ്ചോ അതിലധികമോ കെ.എം.പി.എൽ ലഭിക്കുന്ന ബസുകളിലെ ഡ്രൈവർമാർക്ക് 100 രൂപ പ്രതിദിന ഇൻസെൻറീവ് നൽകുന്നുണ്ട്. ഡ്രൈവർമാർക്ക് വാഹന നിർമ്മാതാക്കളുടെ പരിശീലന കേന്ദ്രങ്ങളിലും Petroleum Conservation & Research Association (PCRA)-യുടെ സഹകരണത്താലും തുടർ പരിശീലവും ബോധവത്കരണ ക്ലാസ്സുകളും നല്കികൊണ്ടിരിക്കുകയാണ്. സി.എൻ.ജി. ഇന്ധനവും ബസും ലഭ്യമാകാൻ കാലതാമസം ഉണ്ടാകാനിടയുള്ളതിനാൽ 900 ഡീസൽ ബസുകൾ വാങ്ങുന്നതിനുള്ള തുക കിഫ്ബിയിൽ നിന്നും അനുവദിക്കുന്നത് സർക്കാർ പരിശോധിച്ചു വരികയാണ്. |

**സെക്ഷൻ ഓഫീസർ**